Bcom

**C 82368** (Pages : 2) Name.........................................

Reg. No. 10

# SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, APRIL 2020

(CBCSS–UG)

Malayalam

## MAL 2A 08 (2)—MALAYALA SAHITHYA PADANAM 2

(2019 Admissions)

Time : Two Hours and a Half | Maximum : 80 Marks

### Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി 25 മാർക്ക്.

1. നമ്മുടെ ഭാഷ കുചേലകുടുംബിനിയായിപ്പോകുന്ന സാഹചര്യം ഏതാണ് ?

2. ബുദ്ധിമാൻമാരോട് ഭാഷാസ്നേഹിയായ കവി ആഹ്വാനം ചെയ്യുന്നതെന്ത് ?

3. "ഇതെത്ര കാലമായ് പഠിച്ചു ഞാൻ പക്ഷേ,
ഇടക്കെൻ തൃഷ്ണകൾ കുതറിച്ചാടുന്നു"
—വക്താവാര് ? വിവക്ഷയെന്ത് ?

4. "നിറകൺമുന്നിലീ ചുവന്ന തീച്ചക്രം"—സൂചിതമെന്ത് ?

5. "ജാതകദോഷം ! വന്നെന്തിന്നെൻ
ജായാപദവി വരിച്ചു നീ"
—ആശയം വ്യക്തമാക്കുക.

6. "അടിയറവരുള്ളുകയാണവയെന്നോ-
ടൊടുവിൽ ശക്തി തരുന്നു നീ"
—അടിയറവ് എന്തിനോടാണ് ?

7. "ഈ ദിവസത്തിൽ മാത്രമല്ലാത്തൊരു ബന്ധത്തെപ്പറ്റി നീ ചിന്തിക്കുന്നതു പോലും എനിക്കിഷ്ടമല്ല"
—ആരുടെ വാക്കുകൾ ? ഏതു സന്ദർഭത്തിൽ പറയുന്നതാണിത് ?

8. "രാവണപ്പെരുമാള്ക്ക് അടവീല് തോല്മയില്ല"—ശൂർപ്പണഖ ഇങ്ങനെ ചിന്തിക്കുന്നതെന്തുകൊണ്ട് ?

9. "താൻ ഇവിടെയൊരുപകരണമായി മാറിപ്പോയതിൽ അവൻ വളരെയേറേ ഖേദിച്ചു" ആര് ? വിവക്ഷിതമെന്ത് ?

10. "ഒരു യന്ത്രം പോലെ സോനയുടെ കൈകൾ ചലിച്ചു. ഭൂമി കറങ്ങുന്നതു പോലെ അയാൾക്കു തോന്നി." ഏതു സന്ദർഭത്തിൽ ?

11. "പ്രത്യയശാസ്ത്രത്തിനും പ്രവചനത്തിനുമപ്പുറം അതു മഞ്ഞ മനുഷ്യന്റെയും വെളുത്ത മനുഷ്യന്റെയും ശുദ്ധസംഘട്ടനമായി "—ഏത് ?

12. ചിന്ത്‌വാഡായിലെ ആദിവാസികളായ ഗോണ്ടുകൾ കുന്നുകൾക്കു മുകളിൽ വീടുവച്ചു പാർത്തതെന്തിന് ?

Turn over

Scanned By Scanner Go

13. "അരങ്ങത്തെ മകനാവില്ല അണിയറയിലെ മകൻ"—ഇങ്ങനെ പറയുന്നതാര് ? ആരോട് ? ഏതു സന്ദർഭത്തിൽ ?

14. "ഈ വക പുത്തൻ പാരമ്പര്യമൊന്നും എനിക്കു കേൾക്കണ്ട." സൂചിപ്പിക്കുന്ന പാരമ്പര്യമെന്ത് ? സന്ദർഭം വ്യക്തമാക്കുക.

15. ജയിൽവാസം കൊണ്ട് സതീഷിന്റെ ജീവിതത്തിലുണ്ടായ മാറ്റമെന്ത് ?

(Maximum : 25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി 35 മാർക്ക്.

16. "അദ്വൈതാമലഭാവസ്പന്ദിത
വിദ്യുന്മേഖല പൂകി ഞാൻ"
—ആശയവും കാവ്യഭംഗിയും വ്യക്തമാക്കുക.

17. "മത്താടിക്കൊൾകഭിമാനമേ നീ "ഈ ആഹ്വാനത്തിന്റെ അടിസ്ഥാനമെന്ത് ?

18. "പൊടുന്നനെ ചാട്ടയുയർന്നു താഴുന്നു
ഇടി മിന്നൽ കോർത്തു പിടയും വേദന"
—സന്ദർഭം എഴുതി ആശയം വിശദമാക്കുക.

19. "മരണങ്ങളുടെ തമാശയിൽ ഹരം കണ്ടിരുന്ന ആ മനുഷ്യൻ കഴിയാവുന്നതും ആംബുലൻസിനു മുമ്പിൽ കയറിപ്പോകാതിരിക്കാൻ ഒക്കാത്തവിധം കാറോടിച്ചു"—കഥയുടെ പ്രമേയവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക.

20. അവളുടെ പെണ്മയെ ആകെ പിടിച്ചുലച്ചു കൊണ്ട് ഇടയ്ക്കിടെ ഉന്മത്തമായി അതൊഴുകിയെത്താറുണ്ട് —വിവക്ഷിതം വ്യക്തമാക്കുക.

21. "അടച്ച വാതിലിനു പുറത്തുവച്ച് അപരന് എന്തുചെയ്യാൻ കഴിയും." ആരുടേതാണ് ഈ നിസ്സഹായത ? സന്ദർഭമെഴുതി വിശദീകരിക്കുക.

22. മുരളി കൈയിൽ കത്തി കൊണ്ടു നടക്കുന്നതെന്തിന് ?

23. "ഇങ്ങനെയുള്ള ഒരുത്തനെ പൂമാലയും പൂത്താലവുമായി സ്വീകരിക്കണോ"—ആരെ ? ഏതു സന്ദർഭത്തിലാണ് ഈ പ്രതികരണം ?

(Maximum : 35 Marks)

## Section C

ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.

ഓരോന്നിനും 10 മാർക്ക് വീതം.

24. മേഘധ്വനി എന്ന നാടകത്തിന്റെ കാലികപ്രസക്തിയെക്കുറിച്ച് വ്യക്തമാക്കുക.

25. ദയാബായി പങ്കുവയ്ക്കുന്ന അനുഭവകഥനത്തിലുടനീളം പ്രകൃതിയിലേക്കു മടങ്ങുക എന്ന സന്ദേശമാണ് വിലയം കൊള്ളുന്നത്—വിശദീകരിക്കുക.

26. ജീവച്ഛവങ്ങൾ, ബംഗ്ലാവ് എന്നീ കഥകളെ ആധുനികാനന്തര ജീവിതസാഹചര്യത്തിന്റെ വെളിച്ചത്തിൽ വിശദമാക്കുക.

27. ചങ്ങമ്പുഴയുടെ കാവ്യജീവിതത്തിന്റെ തുറന്നെഴുത്താണ് മനസ്വിനി—സമർത്ഥിക്കുക.

($2 \times 10 = 20$ marks)

Scanned By Scanner Go